കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# എടക്കാട് ബ്ലോക്ക് പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് – 2016-17

## ജില്ലാഓഡിറ്റ് കാര്യാലയം,കണ്ണൂർ

doknr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ട സഹിതം)

നം.കെ.എസ്.എ/കെ.എൻ.ആർ/സി.6/1969/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ

കാര്യാലയം കണ്ണൂർ ജില്ല
ഫോൺ: 0497 2707698
ഇ-മെയിൽ: doknr.ksad@kerala.gov.in
തീയതി : 22.12.2017

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ.

പ്രസിഡണ്ട് (സെക്രട്ടറി മുഖാന്തരം),

എടക്കാട് ബ്ലോക്ക് പഞ്ചായത്ത് .

സർ,

വിഷയം :- എടക്കാട് ബ്ലോക്ക് പഞ്ചായത്ത് - 2016-2017 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

**********

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) വകുപ്പ് എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം എടക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ വരവുചെലവു കണക്കുകളുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ 2, 3 ഭാഗങ്ങളിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ബ്ലോക്ക് പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ ബ്ലോക്ക് പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരളപഞ്ചായത്ത് രാജ് - പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും - ചട്ടങ്ങളിലെ 14, 15 ചട്ടങ്ങൾ).

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 15(1) വകുപ്പ്, 1997ലെ കേരളാ പഞ്ചായത്ത് രാജ് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ) ചട്ടങ്ങളിലെ 21(1)(2) ചട്ടങ്ങൾ എന്നിവ കാണുക)

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് , തിരുവനന്തപുരം (ഇ മെയിൽ)

2) അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ,കണ്ണൂർ

3) കാര്യാലയ പ്രതി

നം കെ. എസ്. എ. /കെ.എൻ.ആർ./സി.6/1969/2017 തീയതി : 22.12.2017

## കണ്ണൂർ ജില്ലയിലെ എടക്കാട് ബ്ലോക്ക്പഞ്ചായത്തിന്റെ 2016-2017 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

### ആമുഖം

എടക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2016-2017 സാമ്പത്തിക വർഷത്തെ വരവു ചെലവു കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ബ്ലോക്ക് പഞ്ചായത്ത് 19-02-2017 മുതൽ 16-05-2017വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധനക്ക് വിധേയമാക്കുകയുണ്ടായി.ഓഡിറ്റിൽ കണ്ടെത്തിയ അപാകങ്ങൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ ബ്ലോക്ക് പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ആകെ നൽകിയ 11അന്വേഷണക്കുറിപ്പുകളിൽ 9 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾക്ക് ലഭിച്ച മറുപടി പരിഗണിച്ചതിനു ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ കുറിപ്പുകളിൻമേലുള്ള തുടർനടപടികൾ ബ്ലോക്ക് പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്തം ഉണ്ടായിരിക്കുന്നതല്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്താൻ ചുമതലപ്പെട്ട ഉദ്യോഗ സ്ഥന്റെ പേര് | ശ്രീ.അശോകൻ മഠത്തിൽ, സീനിയർ ഡെപ്യൂട്ടി ഡയരക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 24.11.2017 മുതൽ 30.11.2017 വരെ |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| ക്രമ നമ്പർ | പേര് | തസ്തിക |
|---|---|---|

| | | |
|---|---|---|
| 1 | ശ്രീ.ലീലാകൃഷ്ണൻ.എൻ.എം | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| 2 | ശ്രീ.ഗണേശൻ കേളോത്ത് | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| 3 | ശ്രീമതി.വനജ മാടത്താൻകണ്ടി | ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.എം.സി.മോഹനൻ | 01.04.2016 മുതൽ 31.3.2017വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് | |
|---|---|---|---|
| | | മുതൽ | വരെ |
| സെക്രട്ടറി | എം.അനിൽകുമാർ | 01.04.2016 | 31.03.2017 |
| അസി.എക്സി.എഞ്ചിനീയർ | ശ്രീ.മനോജ്കുമാർ.എ | 01.04.2016 | 31.03.2017 |
| അസി.ഡയരക്ടർ (കൃഷി) | ശ്രീമതി എ.സാവിത്രി | 01.04.2016 | 31.03.2017 |
| വ്യവസായ വികസന ഓഫീസർ | ശ്രീ. സതീശൻ കോടഞ്ചേരി | 01.04.2016 | 19.02.2017 |
| | വിനോദ്കുമാർ നരിക്കോടൻ | 20.02.2017 | 31.03.2017 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ.കെ.മനോഹരൻ | 01.04.2016 | 23.07.2016 |
| | ശ്രീമതി ഗീത മാരാർ | 24.07.2016 | 07.08.2016 |
| | ശ്രീമതി ആമിന.വി.വി | 08.08.2016 | 31.10.2016 |
| | ശ്രീ. നിഷാദ്.വി.കെ | 01.11.2016 | 31.03.2017 |

| | | | |
|---|---|---|---|
| സി.ഡി.പി.ഒ,എടക്കാട് | ശ്രീമതി ഗീതാകുമാരി.ബി | 01.04.2016 | 30.09.2016 |
| | ശ്രീമതി ജമീല.സി(ഇൻചാർജ്) | 01.10.2016 | 22.12.2016 |
| | ശ്രീമതി വിലാസിനി കക്കോത്ത് | 23.12.2016 | 03.012017 |
| | ശ്രീമതി സുലേഖ.ടി.എസ് | 04.01.2017 | 31.03.2017 |
| സി.ഡി.പി.ഒ ചേലോറ അഡീഷണൽ | ശ്രീമതി ഉഷാവതി.സി | 01.04.2016 | 01.08.2016 |
| | ശ്രീമതി ലക്ഷി കേളോത്ത് | 02.08.2016 | 31.01.2017 |
| | ശ്രീമതി ഉഷാവതി.സി | 01.02.2017 | 31.03.2017 |
| മെഡിക്കൽ ഓഫീസർ,സി.എച്ച്.സി,ഇരിവേരി | ഡോ.ബിന്ദു.വി.സി | 01.04.2016 | 30.06.2016 |
| | ഡോ.ഷൈന.വി.പി | 01.07.2016 | 27.11.2016 |
| | ഡോ.കാർത്യായനി | 28.11.2016 | 31.03.2017 |
| പട്ടികജാതി വികസന ഓഫീസർ | ശ്രീ.കെ.സതീഷ് കുമാർ | 01.04.2016 | 21.06.2016 |
| | ശ്രീമതി വിമല.സി | 22.06.2016 | 11.07.2016 |
| | ശ്രീ.മുനീർ റഹ്മാൻ | 11.07.2016 | 31.03.2017 |

ഉള്ളടക്കം

| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | വിഷയം |
|---|---|---|

| | | |
|---|---|---|
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷിക ധനകാര്യപത്രിക |
| 3 | 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. |
| 4 | 1-4 | സാമ്പത്തിക വിശകലനം. |
| 5 | 1-5 | ഫണ്ട് വിനിയോഗം |
| 6 | 1-6 | പദ്ധതി അവലോകനം |
| 7 | 1-7 | തനത് വരുമാനം. |
| 8 | 1-8 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 9 | 1-9 | ക്യാഷ് ബാലൻസ് വെരിഫിക്കേഷൻ |
| ഭാഗം -2 | | |
| 10 | 2-1 | ബ്ലോക്ക് പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ്, കോയ്യോട് മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് എന്നിവിടങ്ങളിലെ മുറികളുടെ വാടക |

| | | |
|---|---|---|
| | | ഈടാക്കുന്നതിലെ അപാകങ്ങൾ |
| ഭാഗം-3 | | |
| 11 | 3-1 | ബ്ലോക്ക് പഞ്ചായത്ത് ഓഫീസിൽ സോളാർപാനൽ സ്ഥാപിക്കൽ-സി ഡിറ്റിന് അഡ്വാൻസ് നല്കി-പാനൽ സ്ഥാപിച്ചില്ല.ചെലവ് തുക ₹855000/ തടസപ്പെടുത്തുന്നു. |
| 12 | 3-2 | 2016-17 വർഷം വാങ്ങിയ എൽസിഡി പ്രോജക്റ്റർ നിലവിൽ പ്രവർത്തിക്കുന്നില്ല |
| 13 | 3-3 | കേന്ദ്രാവിഷ്കൃത ഫണ്ട് വിനിയോഗിക്കാതെ തനതു ഫണ്ടിൽ സൂക്ഷിക്കുന്നതു ക്രമവിരുദ്ധം |
| 14 | 3-4 | പെരളശ്ശേരി ഗ്രാമ പഞ്ചായത്തിലെ ശ്മശാന നിർമ്മാണം-പദ്ധതി പൂർത്തീകരിച്ചിട്ടില്ല |
| 15 | 3-5 | രേഖകൾ ഹാജരാക്കിയില്ല – ചെലവ് തുക 331250 രൂപ തടസ്സപ്പെടുത്തുന്നു |

| | | |
|---|---|---|
| | | |
| 16 | 3-6 | ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ നിർവഹണം നടത്തിയ പ്രോജക്റ്റിലെ അപാകങ്ങൾ – ചെലവ് തുക 10,00,000 രൂപ തടസ്സപ്പെടുത്തുന്നു |
| 17 | 3-7 | സി.എച്ച്.സിയിൽ സോളാർ പാനൽ സ്ഥാപിക്കൽ-പദ്ധതി പൂർത്തീകരിച്ചിട്ടില്ല.ചെലവു തുക₹14,39,250 തടസപ്പെടുത്തുന്നു. |
| ഭാഗം 4 | | |
| 18 | 4-1 | സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 19 | 4-2 | നിക്ഷേപപ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരങ്ങൾ |
| 20 | 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരി ക്കാൻ അവശേഷിക്കുന്നത് |
| 21 | 4-4 | വായ്പ/ വായ്പ തിരിച്ചടവ് |
| 22 | 4-5 | സ്ഥിരനിക്ഷേപങ്ങൾ |

| | | |
|---|---|---|
| 23 | 4-6 | ഓഡിറ്റ് റിക്കവറി |
| 24 | 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 25 | 4-8 | ഓഡിറ്റ് പ്രത്യവലോകനം |
| 26 | 4-9 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| 27 | അനുബന്ധം 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് |
| 28 | Appendix- 2 | Receipt& Payment Statement |
| 29 | Appendix- 3 | Income&Expenditure Statement |
| 30 | Appendix-4 | Balance Sheet |


# ഭാഗം 1

## പൊതു അവലോകനം

### 1-1 ബജറ്റ്

2016-2017വർഷത്തെ ബജറ്റ് 01-03-2016 തീയതിയിൽ ചേർന്ന ബ്ലോക്ക് പഞ്ചായത്തു ഭരണസമിതിയുടെ പ്രത്യേകയോഗത്തിൽ അവതരിപ്പിക്കുകയും ഭരണസമിതി തീരുമാനം നമ്പർ 113//15-16 തീയതി 01.03.2016 പ്രകാരം അംഗീകരിക്കുകയുമുണ്ടായി.ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് തുകകൾ താഴെ കൊടുക്കുന്നു.

| | ബജറ്റ്പ്രകാരം | വാർഷിക ധനകാര്യ പത്രിക പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 15000000 | 26998565 |
| വരവ് | 146842000 | 43139281 |
| ആകെ | 161842000 | 70137846 |
| ചെലവ് | 146203000 | 51774385 |
| നീക്കിയിരിപ്പ് | 15639000 | 18363461 |

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2016-2017 | 31.7.2017 | 02.08.2017 | തിരിച്ചയച്ചിട്ടില്ല | തിരിച്ചയച്ചിട്ടില്ല |

2011 ലെ കേരള പഞ്ചായത്ത് രാജ് (എക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62(5) ലെ സമയപരിധിക്കകം വാർഷിക കണക്ക് സമർപ്പിക്കേണ്ടതാണ് എന്ന വ്യവസ്ഥ പാലിച്ചിട്ടില്ല. സാമ്പത്തിക വർഷം അവസാനിച്ച് നിശ്ചിത സമയപരിധിക്കകം വാർഷിക ധനകാര്യ പത്രിക സമർപ്പിക്കേണ്ടതാണ്.

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് | സർട്ടിഫിക്കറ്റ് നമ്പർ/തീയതി | സർട്ടിഫിക്കറ്റ് |
|---|---|---|---|

| | | | |
|---|---|---|---|
| | കണക്കുകൾ പരിശോധിച്ച തീയതി | | തരം |
| 2016-17 | 28.11.2017 | കെ.എസ്.എ./കെ.എൻ.ആർ. /സി.6/1969/17 തീ. 22.12.2017 | വിശേഷണങ്ങളോട്ടു കൂടിയത് |

2016-17 വാർഷിക കണക്കുകളിലെ അപാകങ്ങൾ ചുവടെ കൊടുക്കുന്നു. ആയവ പരിഹരിക്കേണ്ടതാണ്.

1)വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള വാടക(തന്നാണ്ട്)ഡിമാന്റ്,കളക്ഷൻ,ബാലൻസ് എന്നിവ പൊരുത്തപ്പെടുന്നില്ല. വാടക രജിസ്റ്ററിൽ വർഷാന്ത്യ സംക്ഷിപ്തം എഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

2)2016-17 വർഷത്തിലെ ബാലൻസ് ഷീറ്റ് ബി15 പ്രകാരം തന്നാണ്ടിലെ വാടകയിനത്തിൽ ആകെ ലഭിക്കാനുള്ള തുക നെഗറ്റീവായിട്ടാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

3)വാർഷിക ധനകാര്യപത്രികയിലെ B-11 പട്ടികയിൽ കൊടുത്തിട്ടുള്ള ആസ്തി സംബന്ധിച്ച വിവരവുമായി പൊരുത്തപ്പെടുന്ന ആസ്തി രജിസ്ററർ തയ്യാറാക്കിയിട്ടില്ല.

4)വികസനഫണ്ട് (ജനറൽ), വികസനഫണ്ട് (എസ് സി പി), വികസനഫണ്ട് (ടി എസ് പി), മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് എന്നിവ ബി4 ഷെഡ്യൂളിൽ ബാലൻസായി വന്നത് ക്രമപ്രകാരമല്ല.
5)ഇൻകം & എക്സ്പന്റിച്ചർ സ്റ്റേറ്റ്മെന്റിൽ വികസന ഫണ്ടുകൾ ഉൾപ്പെടുത്തിയിട്ടില്ല.

## 1-4 സാമ്പത്തിക വിശകലനം.

| | |
|---|---|
| മുന്നിരിപ്പ് | 26998565 |
| വരവ് | 43139281 |
| ആകെ | 70137846 |
| ചെലവ് | 51774385 |
| നീക്കിയിരിപ്പ് | 18363461 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി (₹) | അലോട്ട്മെന്റ് (₹) | ആകെ (₹) | ചെലവ് (₹) | ചെലവഴിക്കാത്ത തുക (₹) | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 29977796 | 29977796 | 20251916 | 9725880 | 67.56 |
| വികസനഫണ്ട് എസ്.സി.പി. | 0 | 5694111 | 5694111 | 1386845 | 4307266 | 24.36 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 66114 | 66114 | 66114 | 0 | 100 |
| സംരക്ഷണ ഗ്രാന്റ് -നോൺറോഡ് | 0 | 4667931 | 4667931 | 3206827 | 1461104 | 68.7 |
| ബി ഫണ്ട് | 0 | 30000 | 30000 | 30000 | 0 | 100 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് (എണ്ണം) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടു |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | (എണ്ണം) | | | | കളുടെ ശതമാനം |
| 2016-17 | 74 | 58 | 21 | 16 | 50 |

## 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് 2016-2017 വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതിയേതര വരവുകൾ | 949098 | 943511 | 5587 | (-)5 |
| മറ്റുവരവുകൾ | 228677 | 243307 | 14630 | (+ )6.4 |
| ആകെ | 1177775 | 1186818 | 9043 | (+)0.77 |

## 1-8 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 10.07.2017 | 2015-16 | ലഭിച്ചിട്ടില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 10.02.2015 | 2010-11മുതൽ 2013-14വരെ | 22-8-15 |

## 1-9 ക്യാഷ് ബാലൻസ് വെരിഫിക്കേഷൻ

1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 29-11-2017 3pmന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് ബാലൻസായി തുകയൊന്നും ഇല്ലെന്ന് ബോധ്യപ്പെട്ടു.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 ബ്ലോക്ക് പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ്, കോയ്യോട് മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് എന്നിവിടങ്ങളിലെ മുറികളുടെ വാടക ഈടാക്കുന്നതിലെ അപാകങ്ങൾ

എടക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിൽ 5 മുറികളും കോയ്യോട് മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ 33 മുറികളുമാണ് (1 ഒഴിവ്) വാടകയ്ക്ക് കൊടുക്കുന്നത്. ഈ മുറികളുടെ വാടക ഈടാക്കുന്നതുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1)കോയ്യോട് മിനി വ്യവസായ എസ്റ്റേറ്റ് കെട്ടിടത്തിലെ മുറികൾ ഉപയോഗിക്കുന്നതിനുള്ള അവകാശം സംബന്ധിച്ച് എടക്കാട് ബ്ലോക്ക് പഞ്ചായത്ത് തയ്യാറാക്കിയതും പരിശോധനയ്ക്ക് ഹാജരാക്കിയതുമായ ബൈലാ എസ് ആർ ഒ നമ്പർ 431/97 സർക്കാർ ഉത്തരവ് പ്രകാരം ഗ്രാമ വികസന കമ്മീഷണർ അംഗീകരിച്ചിട്ടില്ല.

2)ഹാജരാക്കിയ ബൈലോയിലെ (കോയ്യോട് മിനി വ്യവസായ എസ്റ്റേറ്റ് ) ഖണ്ഡിക 19 പ്രകാരം പ്രതിമാസ വാടക അതാത് മാസം 5 ാം തീയതിക്കകം അടക്കേണ്ടതും വീഴ്ച വരുത്തിയാൽ വീഴ്ച വരുത്തിയ തീയതി മുതൽ പണം ഒടുക്കുന്ന തീയതി വരെ 18 % പിഴ പലിശയോടുകൂടി സംഖ്യ ഒടുക്കേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ നിശ്ചിത സമയപരിധി കഴിഞ്ഞ് വാടക ഒടുക്കുന്നവരിൽ നിന്നും ഇപ്രകാരം പിഴ ഈടാക്കുയോ രജിസ്റ്ററിൽ ഇതു സംബന്ധിച്ച രേഖപ്പെടുത്തലുകൾ വരുത്തുകയോ ചെയ്യുന്നില്ല. ആയത് വിശദീകരിക്കുന്നതിനും നാളിതുവരെയുള്ള പിഴപ്പലിശയിന ത്തിലുള്ള കുടിശ്ശികയുടെ വർഷം തിരിച്ച കണക്ക് പരിശോധനയ്ക്ക് ലഭ്യമാക്കുന്ന തിനുമായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം. 11 /16-17,തീയ്യതി : 30-11-17) മറുപടി ലഭ്യമാക്കിയിട്ടില്ല. മുൻ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശമുണ്ടായിട്ടും അപാകങ്ങൾ പരിഹിക്കുന്നതിന് ബ്ലോക്ക് പഞ്ചായത്ത് യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. നാളിതുവരെയുള്ള പിഴപ്പലിശ ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

3)കോയ്യോട് മിനി വ്യവസായ എസ്റ്റേറ്റ് കെട്ടിടത്തിലെ മുറികളുടെ വാടക സംബന്ധിച്ച രജിസ്റ്ററിലെ ക്രമ നമ്പർ 9 ഷാജി പി പി (റൂം നമ്പർ 326 K) 8/2016 മുതലും , രഗിതേഷ് പി കെ (റൂം നമ്പർ 326 J) 6/2016 മുതലും വാടക ഒടുക്കിയിട്ടില്ല. ആയതിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല. എത്ര മുറികൾ ഒഴിഞ്ഞുകിടക്കുന്നുണ്ട് എന്ന് രജിസ്റ്റർ പരിശോധനയിൽ വ്യക്തമാകുന്നില്ല. മുറികൾ ഒഴിഞ്ഞുകിടക്കുന്നുണ്ടെങ്കിൽ ലേലം നടത്തി ആവശ്യക്കാർക്ക് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേ ണ്ടതാണ്.

4)ബ്ലോക്ക് പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിലെ മുറികൾ വാടകയ്ക്ക് കൊടുക്കുന്നതു മായി ബന്ധപ്പെട്ട് ബൈലാ തയ്യാറാക്കിയിട്ടില്ല. ബൈലാ തയ്യാറാക്കി ഗ്രാമ വികസന കമ്മീഷണറുടെ അംഗീകാരം വാങ്ങുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കേ ണ്ടതാണ്.

5)ബ്ലോക്ക് പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിലെ മുറികളുടെ വാടക ഈടാക്കുമ്പോൾ

പിഴപലിശ ഈടാക്കിയിട്ടില്ല. ആയത് വിശദീകരിക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം. 11 /16-17,തീയ്യതി : 30-11-17) മറുപടി ലഭ്യമാക്കിയിട്ടില്ല. നാളിതുവരെയുള്ള പിഴപ്പലിശ ഈടാക്കി വിവരം ലഭ്യമാക്കേണ്ട താണ്.

6)ബ്ലോക്ക് പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ്, കോയ്യോട് മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് എന്നിവിടങ്ങളിലെ മുറികളുടെ വാടക ഈടാക്കുന്നതുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ അപൂർണ്ണമാണ്. വാടക ഇനത്തിലും പിഴപ്പലിശയിനത്തിലുമുള്ള വരവിന്റെ വർഷം തിരിച്ച കണക്ക് ലഭ്യമല്ല. വർഷാന്ത്യം സംക്ഷിപ്തം എഴുതി സെക്രട്ടറി സാക്ഷ്യപ്പെട്ട ത്തിയിട്ടില്ല. അപാകങ്ങൾ പരിഹരിച്ച് രജിസ്റ്ററുകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ബ്ലോക്ക് പഞ്ചായത്ത് ഓഫീസിൽ സോളാർ പാനൽ സ്ഥാപിക്കൽ - സി-ഡിറ്റിന് അഡ്വാൻസ് നൽകി-പാനൽ സ്ഥാപിച്ചില്ല.ചെലവ് തുക ₹855000 തടസപ്പെടുത്തുന്നു.

എടക്കാട് ബ്ലോക്ക് പഞ്ചായത്ത് ഓഫീസിൽ സോളാർ പാനൽ സ്ഥാപിക്കൽ പദ്ധതിയ്ക്കു വേണ്ടി ₹855000 ചെലവ് ചെയ്തിട്ടുണ്ട്.പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് വേണ്ടി സിഡിറ്റിനെയാണ് ഏല്പിച്ചിരുന്നത്.ആയത് പ്രകാരം 2016-17 ൽ അഡ്വാൻസായിട്ടാണ് തുക നൽകിയിട്ടുള്ളത്.ഇത് സംബന്ധിച്ച വിശദവിവരം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | 105/2017 |
| പ്രൊജക്റ്റിന്റെ പേര് | എടക്കാട് ബ്ലോക്ക് പഞ്ചായത്ത് ഓഫീസിൽ സോളാർ പാനൽ സ്ഥാപിക്കൽ |
| ബിൽ നമ്പർ ,തുക, തീയ്യതി | 17/2016-17 തീ.25-02-2017,₹855000 |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| ഫണ്ട് | മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) |

ജി ഒ (പി) 177/2006 ധനം തീയതി 12-04-2006 ( ജി ഒ (പി) 199/2015 ധനം തീയതി

21-03-2015 ഭേദഗതി ഉത്തരവ്) ലെ ഖണ്ഡിക 6.2 എന്നിവ പ്രകാരം ഡെപ്പോസിറ്റ് പ്രവൃത്തികൾക്കും (കെ എസ് ഇ ബി,ഹൗസിംഗ് ബോർഡ്, ഗ്രൗണ്ട് വാട്ടർ അതോറിറ്റി,മരാമത്ത് വകുപ്പ്) സർക്കാർ നിയന്ത്രണത്തിലുള്ള സർവ്വകലാശാലകൾക്ക് തുക നൽകുന്നതിനും വ്യക്തിഗത ഗുണഭോക്തൃ പദ്ധതികൾ,തൊഴിലില്ലായ്മ വേതനം,സാമൂഹ്യ

സേവന പെൻഷൻ എന്നിവയും സർക്കാർ ഉത്തരവിലൂടെ നിർദേശിക്കുന്ന മുൻകൂറുകൾക്കും(നിർമ്മിതി കേന്ദ്രം,കോസ്റ്റ് ഫോർഡ്,ഗുണഭോക്തൃ കമ്മിറ്റി) മുൻകൂറായി തുക പിൻവലിച്ച് നൽകാമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത സ്ഥാപനങ്ങളിലൊന്നും ഉൾപ്പെടാത്ത സിഡിറ്റിന് മുൻകൂറായി തുക നൽകിയത് ക്രമവിരുദ്ധമാണ്.

പ്രസ്തുത പദ്ധതിക്ക് മുൻകൂറായി തുക നൽകിയിട്ടും നാളിതുവരെയായി സോളാർ പാനൽ കമ്മീഷൻ ചെയ്തിട്ടില്ല.ഇത് സംബന്ധിച്ച് പദ്ധതി പൂർത്തിയാക്കാത്തതിന്റെ കാരണം അന്വേഷിച്ച കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(6/27-11-2017) മറുപടിയായി ,നിലവിൽ സൗരോർജ്ജ പവർ പ്ലാന്റ് സ്ഥാപിക്കുകയും ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ അനുമതിയും ലഭിച്ചിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്.അവസാനഘട്ടമായ നെറ്റ് മീറ്റർ കെ എസ് ഇ ബി യിൽ നിന്നും ലഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നതായും ആയതിനുശേഷം പവർ പ്ലാന്റ് പ്രവർത്തന സജ്ജമാക്കുമെന്നും വ്യക്തമാക്കിയിട്ടുണ്ട്. പ്രൊജക്ട് എത്രയും പെട്ടെന്ന് പൂർത്തിയാക്കുന്നതിനുള്ള നടപടിക്രമങ്ങൾ സ്വീകരിക്കേണ്ടതാണ്.

## 3-2 2016-17 വർഷം വാങ്ങിയ എൽ സി ഡി പ്രൊജക്ടർ നിലവിൽ പ്രവർത്തിക്കുന്നില്ല

2016-17 വർഷം ബ്ലോക്ക് പഞ്ചായത്തിന് മൈക്ക് സെറ്റ്, എൽ സി ഡി പ്രൊജക്ടർ തുടങ്ങിയവ വാങ്ങുന്നതിന് വേണ്ടി തനത് ഫണ്ടിൽ നിന്നും താഴെ കൊടുത്ത പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| ക്രമനം | പ്രൊജക്ട് നമ്പർ | പ്രൊജക്ടിന്റെ പേര് | വൗച്ചർ നമ്പർ/ തീയതി | തുക(₹) |
|---|---|---|---|---|
| 1 | 21/2017 | ബ്ലോക്ക് പഞ്ചായത്തിന് മൈക്ക് സെറ്റ്, എൽ സി ഡി പ്രൊജക്ടർ വാങ്ങൽ | 21600852 തീയതി 28-03-2017(തനത് ഫണ്ട്) | 213540 |

ബ്ലോക്ക് പഞ്ചായത്തിന് മൈക്ക് സെറ്റ്, എൽ സി ഡി പ്രൊജക്ടർ എന്നിവ വാങ്ങിയതിന് ഗ്ലോബൽ അസോസിയേറ്റ്സ് ,കണ്ണൂരിന് ബാങ്ക് ഓഫ് ഇന്ത്യ- അക്കൗണ്ട് നമ്പർ 854420110000044 ൽ 213540 രൂപ ക്രെഡിറ്റ് ചെയ്ത് നൽകിയിട്ടുണ്ട്. ഇത് സംബന്ധിച്ച ഫയൽ പ്രകാരം 04-11-2017-ന് ഗ്ലോബൽ അസോസിയേറ്റ്സിന് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി എൽ സി ഡി പ്രൊജക്ടർ പ്രവർത്തനരഹിതമാണെന്നും ആയത് എത്രയും പെട്ടെന്ന് റിപ്പയർ ചെയ്ത് നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് കത്ത് അയച്ചിട്ടുണ്ട്. എൽ.സി.ഡി. പ്രോജക്ടർ പ്രവർത്തനരഹിതമായതിന്റെ കാരണവും നിലവിലുള്ള അവസ്ഥയും വ്യക്തമാക്കേണ്ടതാണെന്നാവശ്യപ്പെട്ട കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി ബന്ധപ്പെട്ട സ്ഥാപനം എത്രയും പെട്ടെന്ന് തന്നെ എൽ സി ഡി പ്രൊജക്ടർ റിപ്പയർ ചെയ്ത് ഉപകരണം പ്രവർത്തനസജ്ജമാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. എൽ സി

ഡി പ്രൊജക്റ്റ് എത്രയും പെട്ടെന്ന് പ്രവർത്തനസജ്ജമാക്കി ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതാണ്.

## 3-3 കേന്ദ്രാവിഷ്കൃത ഫണ്ട് വിനിയോഗിക്കാതെ തനത് ഫണ്ടിൽ സൂക്ഷിക്കുന്നതു ക്രമവിരുദ്ധം

2015-16 വർഷത്തെ വാർഷിക ധനകാര്യപത്രികയിലെ ബി.4 ഷെഡ്യൂളിൽ കോഡ് നമ്പർ 320100121 ൽ ഐസിഡിഎസ് പദ്ധതികൾ നടപ്പിലാക്കുന്നതിനായി ലഭിച്ച കേന്ദ്രാവിഷ്കൃത ഫണ്ടിനത്തിലെ ബാലൻസ് തുകയായി 3854149 രൂപ കാണിച്ചിട്ടുണ്ട്. ആയത് 2016-17 വർഷത്തിലെ ബാലൻസ് ഷീറ്റ് ബി4 ഷെഡ്യൂളിൽ 2690374 രൂപ എന്നാണ് രേഖപ്പെടുത്തിയിട്ടുണ്ട്. ഇത് സംബന്ധിച്ച വിശദവിവരം ചുവടെ കൊടുക്കുന്നു.

| ഇനം | കോഡ് നം | മുന്നിരിപ്പ്(₹) | വരവ് | ആകെ(₹) | ചെലവ് (₹) | ബാലൻസ(₹ |
|---|---|---|---|---|---|---|
| ICDS | 320100121 | 3854149 | NIL | 3854149 | 1163775 | 2690374 |

ഇപ്രകാരം 2016-17 വർഷത്തിൽ ഈ ഇനത്തിൽ ₹1163775 ചെലവ് ചെയ്തിട്ടുണ്ട്.പ്രസ്തുത തുക ചെലവ് ചെയ്തത് ഏത് ഇനത്തിനാണെന്നും അതിന്റെ ഫയലും ഹാജരാക്കേണ്ടതാണെന്നും ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ഹാജരാക്കിയിട്ടില്ല. ₹1163775 ചെലവ് ചെയ്തതിന്റെ വിവരം ലഭ്യമാക്കേണ്ടതും നീക്കിയിരിപ്പായി അക്കൗണ്ടിലുള്ള ₹2690374 എന്തൊക്കെ ആവശ്യങ്ങൾക്കാണ് ലഭിച്ചതെന്നും ഇപ്രകാരം ചെലവ് ചെയ്യാതെ നീക്കിയിരിപ്പ് വരാനുണ്ടായ കാരണവും വ്യക്തമാക്കേണ്ടതാണ്. ഇപ്രകാരം കേന്ദ്രാവിഷ്കൃത ഫണ്ട് തനത് ഫണ്ടിൽ സൂക്ഷിക്കുന്നത് ക്രമവിരുദ്ധമാണ്. കൂടാതെ പ്രസ്തുത തുക ഏതാവശ്യത്തിനാണോ ലഭിച്ചത് ആയതിന് വിനിയോഗിക്കുകയോ അല്ലാത്തപക്ഷം തിരിച്ചടക്കുകയോ ചെയ്യേണ്ടതാണ്.

## 3-4 പെരളശ്ശേരി ഗ്രാമപഞ്ചായത്തിലെ ശ്മശാന നിർമ്മാണം: പദ്ധതി പൂർത്തീകരിച്ചിട്ടില്ല.

എടക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിലുള്ള പെരളശ്ശേരി ഗ്രാമപഞ്ചായത്തിൽ സംയുക്ത പ്രൊജക്റ്റായി (ഗ്രാമ-ബ്ലോക്ക്-ജില്ല പഞ്ചായത്തുകൾചേർന്ന്) ആധുനിക എൽ പി ജി ശ്മശാനം നിർമ്മിക്കുന്നതിന് ഗ്രാമപഞ്ചായത്തിൽ നിന്നും കണ്ണൂർ ജില്ല പഞ്ചായത്തിൽ നിന്നും 2016-17 ൽ വിഹിതം ലഭിച്ചിട്ടുണ്ട്.എന്നാൽ പ്രസ്തുത തുക നാളിതുവരെയായി വിനിയോഗിച്ചിട്ടില്ല.ജില്ല-ഗ്രാമപഞ്ചായത്തുകളിൽ നിന്നു ലഭിച്ച തുകയുടെ വിശദവിവരം ചുവടെ കൊടുക്കുന്നു.

പ്രോജക്റ്റ് നമ്പർ – 117/2017

പ്രോജക്ട് പേര് – എൽ.പി.ജി. ഉപയോഗിച്ചുള്ള ശ്മശാനം നിർമ്മിക്കൽ – പെരളശ്ശേരി
നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി
അടങ്കൽ – 5878679
ചെലവ് – ഇല്ല

| തുക നൽകിയ സ്ഥാപനം | തുക ലഭിച്ച തീയ്യതി | തുക(₹) |
|---|---|---|
| കണ്ണൂർ ജില്ല പഞ്ചായത്ത് | 31-03-2017 | 1200000 |
| പെരളശ്ശേരി ഗ്രാമപഞ്ചായത്ത് | 31-03-2017 | 2296913 |
| ആകെ | | 3496913 |

ഇത് സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ ശുചിത്വമിഷൻ അംഗീകരിച്ച 5 എംപാനൽഡ് ഏജൻസികളിലൊന്നായി റേയ്ഡ് കോ കണ്ണൂരിന് എൽ പി ജി ഇന്ധനമായി ഉപയോഗിക്കാവുന്ന ക്രിമറ്റോറിയം ഫർണസും അനുബന്ധഘടകങ്ങളും (സിവിൽ പ്രവൃത്തികൾ ഒഴികെ) രൂപകല്പന,സ്ഥാപിക്കൽ,പ്രവർത്തിപ്പിക്കലും പരിപാലനവും എന്നീ പ്രവൃത്തിക്കൾ നടത്തുന്നതിന് തിരഞ്ഞെടുത്തിട്ടുണ്ട്. 2017-18 വർഷത്തിൽ ബിൽഡിംഗിന്റെ പ്രവൃത്തി പൂർത്തിയാക്കിയിട്ടുണ്ടെന്നും ഇലക്ട്രിഫിക്കേഷൻ പ്രവൃത്തി ബാക്കിയുണ്ടെന്നും അറിയിച്ചിട്ടുണ്ട്. ചിമ്മിണി ,ഫർണസ് മറ്റ് ഉപകരണങ്ങൾ എന്നിവയും സ്ഥാപിച്ചിട്ടുണ്ടെന്നും വ്യക്തമാക്കിയിട്ടുണ്ട്.

ജില്ല-ഗ്രാമപഞ്ചായത്തുകളിൽ നിന്നും ലഭിച്ച വിഹിതം സ്പെഷ്യൽ ടി എസ് ബി അക്കൗണ്ട് 799011400001793 ൽ നിക്ഷേപിച്ചിട്ടുണ്ട്. പ്രസ്തുത തുക നാളിതുവരെ ഉപയോഗിച്ചിട്ടില്ല.സംയുക്ത പ്രൊജക്ടിനായി ജില്ല-ഗ്രാമപഞ്ചായത്തുകളിൽ നിന്നും ലഭിച്ച തുക വിനിയോഗിച്ച് പ്രൊജക്ട് ലക്ഷ്യം പ്രാബല്യത്തിൽ വരുത്തേണ്ടതാണ്.

## 3-5 രേഖകൾ ഹാജരാക്കിയില്ല - ചെലവ് തുക 331250 രൂപ തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ – ശിശുവികസന പദ്ധതി ഓഫീസർ
പ്രോജക്ട് നം. : 29/16-17

പേര് : ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് - ബ്ലോക്ക് വിഹിതം നൽകൽ

അടങ്കൽ :₹ 3,31,250/- (വികസന ഫണ്ട്-ജനറൽ)

ചെലവ് : ₹3,31,250/- (വികസന ഫണ്ട്- ജനറൽ)

ബിൽ നം. : 1/16-17, തീയ്യതി : 30-01-17, ₹97,800/-

ബിൽ നം. : 3/16-17, തീയ്യതി : 29-03-17, ₹2,33,450/-

കടമ്പൂർ, പെരളശ്ശേരി ഗ്രാമ പഞ്ചായത്തുകളിലെ ഗുണഭോക്താക്കൾക്കാണ് മേൽ പ്രോജക്ട് പ്രകാരം സ്കോളർഷിപ്പ് അനുവദിച്ചിട്ടുള്ളത്. സ്കോളർഷിപ്പിന് അർഹരായ ഗുണഭോ ക്താക്കളുടെ ലിസ്റ്റ് അതത് ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. ₹3,31,250/- ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് കൈമാറിയതിന്റെ ലിസ്റ്റ് (നിർവ്വഹണ ഉദ്യോഗസ്ഥ തയ്യാറാക്കിയത്) ഫയലിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും തുക ഇവർക്ക് ലഭിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം. 10/16-17,തീയ്യതി : 30-11-17) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പറഞ്ഞ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. രേഖകളുടെ അഭാവത്തിൽ ചെലവ് തുക 331250/- രൂപ തടസ്സപ്പെടുത്തുന്നു.

2) പ്രോജക്ട് നം. : 31/16-17

പേര് : ശാരീരിക വൈകല്യമുള്ളവർക്ക് സൈഡ് വീലുള്ള സ്കൂട്ടർ നൽകൽ
നിർവ്വഹണ ഉദ്യോഗസ്ഥ – ശിശു വികസന പദ്ധതി ഓഫീസർ

അടങ്കൽ : ₹12,42,120/- (വികസന ഫണ്ട് ജനറൽ)

₹8,880 /(തനത് ഫണ്ട്)

ചെലവ് :₹ 12,42,120/- (വികസന ഫണ്ട് ജനറൽ)

₹8,880 (തനത് ഫണ്ട്)

ബിൽ നം. : 3/16-17, തീയ്യതി : 29-03-17, ₹12,42,120/-

ചെക്ക് നമ്പർ : TSB 1696289, 24-03-2017, ₹8,880/-

എടക്കാട് ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ ഗ്രാമ പഞ്ചായത്തുകളിലെ ഭിന്നശഷി യുള്ള 18 ഗുണഭോക്താക്കൾക്ക് മോട്ടോർ സൈക്കിൾ വിത്ത് സൈഡ് വീൽ നൽകുന്നതിനാണ് പ്രോജക്ട് നടപ്പാക്കിയത് . പദ്ധതി പ്രകാരം മോട്ടോർ സൈക്കിൾ ലഭിച്ച ഗുണഭോക്താക്കളുടെ ഡ്രൈവിംഗ് ലൈസൻസിന്റെ പകർപ്പോ നിശ്ചിത കാലയളവിനുള്ളിൽ ലൈസൻസ് നേടി പരിശോധനയ്ക്ക് ഹാജരാക്കുന്ന സംബന്ധിച്ച ചമച്ച കരാറോ ഫയലിൽ ലഭ്യമല്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം. 10/16-17,തീയ്യതി : 30-11-17) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പറഞ്ഞ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. .

## 3-6 ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ പ്രോജക്ടിലെ അപാകങ്ങൾ - ചെലവ് തുക 10,00,000 രൂപ തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ – ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ

പ്രോജക്ട് നം./പേര് – 40/17, സ്വയംസഹായ സംഘങ്ങൾക്ക് ധനസഹായം

അടങ്കൽ – 9,22,261 (വികസന ഫണ്ട് ജനറൽ), 77,739 (തനത് ഫണ്ട്), 10,00,000 (മറ്റുളവ) ആകെ 20,00,000

ചെലവ് തുക – 8,00,000 രൂപ (ബിൽ നം. 1/16-17, 9-3-17), 1,22,261 (ബിൽ നം.2/16-17, 22.3.17), 77,739 രൂപ (വൗച്ചർ നം. 21600793, തീ. 14.3.17) ആകെ 10,00,000/- രൂപ.

എടക്കാട് ബ്ലോക്ക് പഞ്ചായത്തിലെ 5 ഗ്രാമ പഞ്ചായത്തുകളിൽ നിന്നുള്ള സ്വയം സഹായ ഗ്രൂപ്പുകൾക്ക് എസ്.ജി.എസ്.വൈ. മാനദണ്ഡ പ്രകാരം ഉല്പാദന യൂണിറ്റ് ആരംഭിക്കുന്നതിന് 5 ഗ്രൂപ്പുകൾക്ക് ₹20 ലക്ഷം രൂപയിൽ ₹10 ലക്ഷം സബ്സിഡി ആയി എടക്കാട് ബ്ലോക്ക് പഞ്ചായത്തിലെ വ്യവസായ വികസന ഓഫീസർ അതത് ബാങ്കുകൾക്ക് നൽകുന്നതിനാണ് പ്രോജക്ടിൽ വിഭാവനം ചെയ്തിട്ടുള്ളത്. പദ്ധതി പ്രകാരം 3 സ്വയം സഹായ സംഘങ്ങൾക്ക് (10 പേരടങ്ങുന്ന ഗ്രൂപ്പ് ) വാദ്യോപകരണങ്ങൾ വാങ്ങുന്നതിനും 2 സ്വയം സഹായ സംഘങ്ങൾക്ക് വാടക സാധനങ്ങൾ വിതരണം ചെയ്യുന്നതിനുമുള്ള സെന്റർ ആരംഭിക്കുന്നതിനും കൂടിയാണ് ₹10 ലക്ഷം (ഒരു സംഘത്തിന് ₹2ലക്ഷം വീതം) സബ്സിഡിയായി നൽകിയിരിക്കുന്നത്. പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1). വായ്പാ തുകയും സബ്സിഡി തുകയും ബന്ധപ്പെട്ട ഗ്രൂപ്പുകൾക്ക് ലഭിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതിന് എല്ലാ സംഘങ്ങളുടെയും ബന്ധപ്പെട്ട ബാങ്കുകളുടെ പാസ്സ്ബുക്ക് ഹാജരാക്കാൻ ഓഡിറ്റ് എൻക്വയറി നം. 2/16-17, തീയ്യതി : 27-11-17 പ്രകാരം ആവശ്യപ്പെട്ടിരുന്നു. എന്നാൽ റെഡ് യംഗ്സ് സ്വയംസഹായ സംഘം, കക്കോത്ത് (വാടക സാധനങ്ങൾ വിതരണം ചെയ്യുന്നതിനുള്ള സെന്റർ) , റെഡ്ഫ്ലവർ സ്വയംസഹായ സംഘം പാറോത്തുംചാൽ (വാദ്യോപകരണങ്ങൾ ) എന്നിവ മാത്രമേ രേഖകൾ ഹാജരാക്കിയിട്ടുള്ളൂ. ഇതിൽ റെഡ് യംഗ്സ് സ്വയംസഹായ സംഘം, കക്കോത്തിന്റെ സ്റ്റോക്ക് രജിസ്റ്ററും സാധനങ്ങൾ വാങ്ങിയ ബില്ലും തമ്മിൽ പൊരുത്തപ്പെടുന്നില്ല. അതുപോലെ നിർവ്വഹണ ഉദ്യോഗസ്ഥൻ ഹാജരാക്കിയ ബില്ലും വൗച്ചറുകളും റെഡ്ഫ്ലവർ സ്വയംസഹായ സംഘം പാറോത്തുംചാൽ ഹാജരാക്കിയ ചെലവുരേഖകളും പൊരുത്തപ്പെടുന്നില്ല. [നിർവ്വഹണോദ്യോഗസ്ഥൻ വീയെക്സ് മ്യൂസിക്കൽ ഇൻസ്ട്രുമെന്റ്സ് ചക്കരക്കല്ല് എന്ന സ്ഥാപനത്തിൽ നിന്നും വാദ്യോപകരണങ്ങൾ വാങ്ങിയ ബില്ലാണ് ഹാജരാക്കിയത്. എന്നാൽ പ്രസ്തുത സംഘം എറണാകുളത്തുള്ള മാനുവൽ ഇൻഡസ്ട്രീസ് എന്ന സ്ഥാപനത്തിൽ നിന്നും സാധനങ്ങൾ വാങ്ങിയതിന്റെ രേഖകളാണ് എന്ന സ്ഥാപനത്തിൽ നിന്നും സാധനങ്ങൾ വാങ്ങിയതിന്റെ രേഖകളാണ് പരിശോധനയ്ക്ക് ഹാജരാക്കിയത്. അതുപോലെ 4 ലക്ഷം രൂപയ്ക്കും വാദ്യോപകരണങ്ങൾ വാങ്ങിയതായാണ് വൗച്ചറുകളിൽ നിന്നും വ്യക്തമാകുന്നത്. എന്നാൽ സംഘം ഹാജരാക്കിയ വൗച്ചറുകൾ പ്രകാരം 102500 രൂപയ്ക്ക് വാദ്യോപകരണങ്ങളും ബാക്കി തുകയ്ക്ക് അനുബന്ധ സാമഗ്രികളും വാങ്ങിയതായാണ് രേഖകൾ പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നത്] സുതാര്യതയും വിശ്വാസ്യതയും സംശയിക്കുന്ന രീതിയിലാണ് വാങ്ങലുകൾ എന്ന് ഓഡിറ്റ് അനുമാനിക്കുന്നു. സംഘങ്ങൾക്ക് ബാങ്ക് മുഖേന തുക കൈമാറി എന്നല്ലാതെ തുടർനടപടികളോ സംഘങ്ങളുടെ പ്രവർത്തന ങ്ങളോ നിർവ്വഹണ ഉദ്യോഗസ്ഥൻ പരിശോധിക്കുന്നില്ല എന്നാണ് ഇതിൽനിന്നും വ്യക്തമാകു ന്നത് . ഇത് ശരിയായ നടപടിയല്ല.

മറ്റു സംഘങ്ങൾ രേഖകൾ ഹാജരാക്കാത്തതിനാൽ വിശദമായ പരിശോധന നടത്താൻ സാധിച്ചിട്ടില്ല.

2). സാധനങ്ങൾ വാങ്ങിയ സ്ഥാപനങ്ങൾക്ക് വാറ്റ് രജിസ്ട്രേഷൻ ഇല്ല. ഒരേ സാധനങ്ങളാണ് വാങ്ങുന്നതെന്നിരിക്കേ കേന്ദ്രീകൃത രീതിയിൽ വാങ്ങൽ നടത്തിയിരുന്നുവെങ്കിൽ ചെലവു കുറക്കുവാൻ സാധിക്കുമായിരുന്നു എന്നതിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

3). പദ്ധതി നിർവ്വഹണം സംബന്ധിച്ച മോണിറ്ററിംഗ് റിപ്പോർട്ട് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. സ്വയം സഹായ സംഘങ്ങൾ പ്രവർത്തനക്ഷമമാണോ എന്നുപോലും നിർവ്വഹണ ഉദ്യോഗസ്ഥൻ പരിശോധിച്ചിട്ടില്ല എന്ന് രേഖകളിൽ നിന്നും (ലഭ്യമായ) വ്യക്തമാകുന്നു.

പദ്ധതി നിർവ്വഹണം നടത്തുമ്പോൾ ഇത്തരം അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ് . മേൽ പറഞ്ഞ അപാകങ്ങളുടെ അടിസ്ഥാനത്തിൽ ചെലവ് തുക 10,00,000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ആവശ്യമായ രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-7 സി. എച്ച്. സി. യിൽ സോളാർ പാനൽ സ്ഥാപിക്കൽ - പദ്ധതി പൂർത്തീകരിച്ചില്ല. ചെലവ് തുക ₹14,39,250 തടസ്സപ്പെടുത്തുന്നു.

ബ്ലോക്ക് പഞ്ചായത്തിന്റെ അധീനതയിൽ പ്രവർത്തിക്കുന്ന സി. എച്ച്. സി. ഇരിവേരിയിൽ സോളാർ പാനൽ സ്ഥാപിക്കുന്നതിന് വേണ്ടി 2016-17 വർഷം 14,39,250 രൂപ മെഡിക്കൽ ഓഫീസർ ചെലവ് ചെയ്തിട്ടുണ്ട്. ഇത് സംബന്ധിച്ച വിശദവിവരം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം. | 50/16-17 |
| പ്രോജക്ടിന്റെ പേര് | സി. എച്ച്. സി. ഇരിവേരിയിൽ സോളാർ പാനൽ സ്ഥാപിക്കൽ |
| നിർവ്വഹണോദ്യേഗസ്ഥൻ | മെഡിക്കൽ ഓഫീസർ ,സി എച്ച് സി |
| അടങ്കൽ | 23,46,890 |
| ബിൽ നം,തീയതി,തുക | 5/16-17, തീയ്യതി : 15-02-2017, 14,39,250 |

സി. എച്ച് . സി. ഇരിവേരിയിൽ വൈദ്യുതിക്ഷാമം പരിഹരിക്കുന്നതിനു വേണ്ടി വിഭാവനം ചെയ്ത മേൽ പദ്ധതി സി-ഡിറ്റ് മുഖേനയാണ് നടപ്പിലാക്കുന്നത്. ജി ഒ (പി) 177/2006 ധനം തീയതി 12-04-2006 ( ജി ഒ (പി) 199/2015 ധനം തീയതി 21-03-2015 ഭേദഗതി ഉത്തരവ്)

ലെ ഖണ്ഡിക 6.2 എന്നിവ പ്രകാരം ഡെപ്പോസിറ്റ് പ്രവൃത്തികൾക്കും (കെ എസ് ഇ ബി,ഹൗസിംഗ് ബോർഡ്, ഗ്രൗണ്ട് വാട്ടർ അതോറിറ്റി, മരാമത്ത് വകുപ്പ്) സർക്കാർ നിയന്ത്രണത്തിലുള്ള സർവ്വകലാശാലകൾക്ക് തുക നൽകുന്നതിനും വ്യക്തിഗത ഗുണഭോക്തൃ പദ്ധതികൾ, തൊഴിലില്ലായ്മ വേതനം, സാമൂഹ്യ സേവന പെൻഷൻ എന്നിവക്കും സർക്കാർ ഉത്തരവിലൂടെ നിർദേശിക്കുന്ന മുൻക്കൂറുകൾക്കും(നിർമ്മിതി കേന്ദ്രം, കോസ്റ്റ് ഫോർഡ്, ഗുണഭോക്തൃ കമ്മിറ്റി) എന്നിവയ്ക്ക് തുക മുൻക്കൂറായി പിൻവലിച്ച് നൽകാമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത സ്ഥാപനങ്ങളിലൊന്നും ഉൾപ്പെടാത്ത സിഡിറ്റിന് കരാറടിസ്ഥാനത്തിൽ മുൻക്കൂറായി തുക നൽകിയിട്ടുണ്ട്. ഓഡിറ്റ് കാലയളവിൽ പദ്ധതി പൂർത്തീകരിച്ചതിന്റെ വിവരങ്ങൾ ഫയലിൽ ലഭ്യമല്ല. സോളാർ പാനൽ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട നിലവിലെ സ്ഥിതി ഓഡിറ്റിനെ അറിയിക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (9/29-11-17) ലഭ്യമാക്കിയ മറുപടിയിൽ പദ്ധതി സ്പിൽ ഓവറായി ഈ വർഷം പൂർത്തീകരിക്കും എന്നാണ് അറിയിച്ചിട്ടുള്ളത്. പദ്ധതിയുടെ പൂർത്തീകരണ വിവരം ലഭ്യമാക്കേണ്ടതും ക്രമവിരുദ്ധമായി പണം ചെലവഴിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ട തുമാണ്. ചെലവ് തുക ₹14,39,250 /തടസപ്പെടുത്തുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| ക്രമ നം. | വിഹിതംനല്കിയ സ്ഥാപനം | ലഭിച്ച തുക(₹) | പദ്ധതിയുടെ പേര്/ നമ്പർ | ചെലവ് (₹ ) | ബാലൻസ്(₹) |
|---|---|---|---|---|---|
| 01 | പെരളശ്ശേരി ഗ്രാ.പ | 2296913 | എൽ.പി.ജി ഉപയോഗിച്ചുള്ള ശ്മശാനം നിർമ്മിക്കൽ | 0 | 2296913 |
| 02 | ജില്ലാ പഞ്ചായത്ത് | 1200000 | -ടി- | 0 | 1200000 |

| | | | | | |
|---|---|---|---|---|---|
| 03 | ജില്ലാ പഞ്ചായത്ത് കണ്ണൂർ. ഐ.എ.വൈ വിഹിതം | 4302549 | ഐ.എ.വൈ ഭവനനിർമ്മാണ പദ്ധതി | 0 | 4302549 |
| 04 | ഗ്രാമപഞ്ചായത്തുകളുടെ വിഹിതം ഒടുക്കിയത് ഐ.എ.വൈ. വിഹിതം | 8089764 | ഐ.എ.വൈ. ഭവന നിർമ്മാണ പദ്ധതി | 0 | 8089764 |
| 05 | ജില്ലാ പഞ്ചായത്ത് വിഹിതം പി.എം.വൈ വിഹിതം | 2475428 | പി.എം.വൈ ഭവനിർമ്മാണ പദ്ധതി | 0 | 2475428 |

## 4-2 നിക്ഷേപപ്രവൃത്തികൾക്കു നല്കിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കാൻ അവശേഷിക്കുന്നത്

ബി.18 ഷെഡ്യൂൾ പ്രകാരം 33630/- രൂപ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് അഡ്വാൻസായി നൽകിയത് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ച് വിശദവിവരങ്ങൾ നൽകാൻ പഞ്ചായത്തിനായിട്ടില്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം ലഭിച്ച 11551/- രൂപയുടെ വിവരം താഴെ

കൊടുക്കുന്നു.

| ക്രമനമ്പർ | റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക(₹) | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തീയതി |
|---|---|---|---|---|---|
| 01 | 2010-11 &11-12 | 3.20 | 2667 | പിപി.മുനീറ,DEO, MGNREGS | MGNREGS അക്കൗണ്ടിൽ അടവാക്കി (21.08.2016) |
| 02 | 2012-13 മുതൽ 2014-15 വരെ | 3.4(2) | 2206 | വിവേക്.എ.കെ (കോൺട്രാക്ടർ) | 88 തീ.13.3.17 |
| 03 | | 3.5 | 6678 | ശ്രീജേഷ്.ആർ (കോൺട്രാക്ടർ) | ചെലാൻ നം397/28.9.16 ജില്ല ട്രഷറി, കണ്ണൂർ |
| ആകെ | | | 11551 | | |

## 4-7 സമാഹൃത റിപ്പോർട്ടിൽഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-2000 | 30 | 2003-04 | 4-12 | ലേബർ കോൺട്രാക്ട് സൊസൈറ്റി വിജയിച്ചില്ല | പരാമർശം നിലനിൽക്കുന്നു. |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ്(₹) | 43139281 |

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ്(₹) | 51774385 |
| വരവിനങ്ങളിലുള്ള നഷ്ടം(₹) | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക(₹) | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക(₹) | 3625500 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 855000 | ശ്രീ.എം. അനിൽകുമാർ, സെക്രട്ടറി |
| 3-5(1) | 331250 | ശ്രീമതി സുലേഖ ടി.എസ്., സി.ഡി.പി.ഒ. |
| 3-6 | 1000000 | ശ്രീ. വിനോദ് കുമാർ, നരിക്കോടൻ, ഐ.ഇ.ഒ. |
| 3-7 | 1439250 | ഡോ. കാർത്ത്യായനി, മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. ഇരിവേരി. |
| ആകെ | 3625500 | |

(സി). കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി). നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| 1996-97 | എൽ.എഫ്-ഡി4/1357 /08(1)തീ.20.10.2008 | 01 |
| 1997-98 | എൽ.എഫ്-ഡി4/1357 /08(4)തീ.20.10.2008 | 07 |
| 1998-99 | എൽ.എഫ് കെ.എൻ.ആർ/ഡി1 /1156/2012തീ.20.9.12 | 06 |
| 1999-2000 | എൽ.എഫ് കെ.എൻ.ആർ/ഡി1 /1156/2012തീ.20.9.12 | 20 |
| 2000-01 | എൽ.എഫ്-ഡി4/1357 /08(10)തീ.20.12.2008 | 07 |
| 2001-02 | എൽ.എഫ്-ഡി4/1357 /08(12)തീ.20.12.2008 | 09 |
| 2002-03 | എൽ.എഫ് കെ.എൻ.ആർ/ഡി1 /1156/2012തീ.20.9.12 | 01 |
| 2003-04 | എൽ.എഫ്-ഡി4/1357 /08(16)തീ.20.10.2008 | 12 |
| 2004-05 | എൽ.എഫ്-ഡി4/1357 /08(18)തീ.20.10.2008 | 03 |
| 2005-06 | എൽ.എഫ് കെ.എൻ.ആർ/ഡി1 /1156/2012തീ.20.9.12 | 04 |
| 2006-07 | എൽ.എഫ് കെ.എൻ.ആർ/ഡി1 /1156/2012തീ.20.9.12 | 03 |
| 2007-08 | എൽ.എഫ് കെ.എൻ.ആർ/ഡി1 /1156/2012തീ.20.9.12 | 03 |
| 2008-09 | എൽ.എഫ് കെ.എൻ.ആർ/ഡി1 /151/2014തീ.05.11.14 | 16 |
| 2009-10 | എൽ.എഫ് | 12 |

| | | |
|---|---|---|
| | കെ.എൻ.ആർ/ഡി1 /150/2014തീ.10.07.14 | |
| 2010-11<br>2011-12 | എൽ.എഫ് കെ.എൻ.ആർ/ഡി1 /306/2014തീ.18.11.14 | 13 |
| 2012-13<br>2013-14<br>2014-15 | എൽ.എഫ് കെ.എൻ.ആർ/ഡി1 /119/2016തീ.03.03.16 | 07 |
| 2015-16 | കെ.എസ്.എ./കെ.എൻ.ആർ. /സി.6/424/2017 തീ.12.4.17 | 09 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

## അനുബന്ധം 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ./കെ.എൻ.ആർ./സി.6/1969/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

ഫോൺ 04972707698

ഇ – മെയിൽ doknr.ksad@kerala.gov.in

തീയതി: 22.12.2017

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-)0 വകുപ്പ്, 1994 ലെ കേരള

പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-)0 വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കണ്ണൂർ ജില്ലയിലെ എടക്കാട്ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ച പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ എടക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ ,

കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

AUDIT CERTIFICATE

No KSA/KNR/C.6/1969/2017

KERALA STATE AUDIT DEPARTMENT

DISTRICT AUDIT OFFICE

KANNUR

PHONE 04972707698

E-mail doknr.ksad@kerala.gov.in

Dated 22.12.2017

Certified that I have audited the Annual Financial Statement of Edakkad BlockPanchayath in Kannur District for the year ended 31.03.17 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of Kerala Panchayath Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of

Panchayath Raj Institutions.

In my opinion , the Financial Statements of Edakkad Block Panchayath for the year 2016-17 except the observations in my audit report properly presents the picture of income and expenditure

SeniorDeputy Director ,

Kerala State Audit Department,
District Audit Office, Kannur.

## അനുബന്ധം 2

# RECEIPT AND PAYMENT STATEMENT OF EDAKKAD BLOCK PANCHAYATH FOR THE PERIOD FROM 01 -APRIL- 2016 TO 31- MARCH -2017

| CODE | HEAD OF ACCOUNT | SCHEDULE | AMOUNT(Rs) |
|---|---|---|---|
| OPENING BALANCE | | | |
| | BANK<br>CASH | RP -40(a)<br>RP-40(a) | 26997865<br>700 |
| RECEIPTS | | | |
| OPERATING | | | |
| 110000000 | TAX REVENUE | RP-1 | 0 |
| 130000000 | RENTAL INCOME FROM PANCHAYAT PROPERTIES | RP-3 | 5000 |
| 140000000 | FEES AND USER CHARGES | RP-4 | 134367 |

| | | | |
|---|---|---|---|
| 150000000 | SALE&HIRE CHARGES | RP-5 | 61147 |
| 160000000 | REVENUE GRANTS,FUNDS,CONTRIBUTIONS &COMPENSATIONS | RP-7 | 3333996 |
| 171000000 | INTEREST EARNED | RP-9 | 319781 |
| 320000000 | GRANTS, FUNDS& CONTRIBUTIONS FOR SPECIFIC PURPOSES | RP-31 | 38348199 |
| 350000000 | OTHER LIABILITIES | RP-36 | 80000 |
| NON OPERATING | | | |
| 180000000 | OTHER INCOME | RP-10 | 243307 |
| 340000000 | DEPOSITS RECEIVED | RP-34 | 23440 |
| 350000000 | OTHER LIABILITIES | RP-36 | 166200 |
| 431000000 | SUNDRY DEBTORS(RECEIVABLE) | RP-43 | 423844 |
| 460000000 | LOANS, ADVANCES AND DEPOSITS | RP-47 | 0 |
| GRAND TOTAL | | | 70137846 |
| PAYMENTS | | | |
| OPERATING | | | |
| 210000000 | ESTABLISHMENT EXPENSES | RP-11 | 1688450 |
| 220000000 | ADMINISTRATIVE EXPENSES | RP-12 | 896570 |
| 230000000 | OPERATIONS AND MAINTANANCE | RP-13 | 339656 |
| 250000000 | DECENTRALISED PLAN PROGRAMME- PRODUCTIVE SECTOR | RP-15 | 4147797 |
| 251000000 | DECENTRALISED PLAN PROGRAMME- SERVICE SECTOR | RP-16 | 24463873 |
| 252000000 | DECENTRALISED PLAN PROGRAMME – INFRASTRUCTURE SECTOR | RP-17 | 392155 |
| 253000000 | DECENTRALISED PLAN PROGRAMME- PROJECTS NOT INCLUDED IN SECTOR DIVISION | RP-18 | 64110 |
| 254000000 | EXPENDITURE FOR TRANSFERRED | RP-19 | 30000 |

| | | | |
|---|---|---|---|
| | INSTITUTIONS AND STATE SPONSORED SCHEMES | | |
| 255000000 | MAINTANANCE PROJECTS | RP-20 | 4171428 |
| 256000000 | OTHER REVENUE GRANTS& FUNDS-REVENUE EXPENSES | RP-21 | 25500 |
| 280000000 | PRIOR PERIOD ITEM | RP-26 | 98114 |
| 320000000 | GRANTS, FUNDS& CONTRIBUTIONS FOR SPECIFIC PURPOSES | RP-31 | 4901986 |
| 350000000 | OTHER LIABILITIES | RP-36 | 0 |
| NON OPERATING | | | |
| 240000000 | INTREST AND FINANCE CHARGES | RP-14 | 560 |
| 280000000 | PRIOR PERIOD ITEM | RP-26 | 0 |
| 311000000 | PANCHAYATFUNDS | RP-28 | 0 |
| 330000000 | SECURED LOANS | RP-32 | 0 |
| 340000000 | DEPOSITS RECEIVED | RP-34 | 702133 |
| 350000000 | OTHER LIABILITIES | RP-36 | 165150 |
| 410000000 | FIXED ASSETS | RP-38 | 5874260 |
| 412000000 | CAPITAL WORK IN PROGRESS | RP-40 | 3779013 |
| 460000000 | LOANS, ADVANCES AND DEPOSITS | RP-47 | 33630 |
| | BANK<br>CASH | RP – 40(b)<br>RP – 40(b) | 18363461<br>0 |
| GRNAT TOTAL | | | 70137846 |

SeniorDeputyDirector

## അനുബന്ധം 3

# INCOME AND EXPENDITURE STATEMENT

EDAKKAD BLOCK PANCHAYATHFOR THE PERIOD FROM 01 -APRIL- 2016 TO 31- MARCH -2017

| CODE | HEAD OF ACCOUNT | SCHEDULE | AMOUNT(Rs) |
|---|---|---|---|
| INCOME | | | |
| 110000000 | TAX REVENUE | I-1 | 0 |
| 130000000 | RENTAL INCOME FROM PANCHAYATH PROPERTIES | I-3 | 5,000 |
| 140000000 | FEES AND USER CHARGES | I-4(b) | 1,34,367 |
| 150000000 | SALE AND HIRE CHARGES | I-5(b) | 61,147 |
| 160000000 | REVENUE GRANTS , FUNDS, CONTRIBUTIONS AND COMPENSATIONS | I-6 | 47,44,477 |
| 170000000 | INCOME FROM INVESTMENTS | 1-7 | 0 |
| 171000000 | INTEREST EARNED | I-8 | 3,19,781 |
| 180000000 | OTHER INCOME | I-9 | 2,43,307 |
| A | TOTAL INCOME | | 55,08,079 |
| | | | |
| 210000000 | ESTABLISHMENT EXPENSES | I-10(b) | 16,88,450 |
| 220000000 | ADMINISTRATIVE EXPENSES | I-11(b) | 8,96,570 |

| | | | |
|---|---|---|---|
| 230000000 | OPERATIONS AND MAINTANANCE | I-12(b) | 3,39,656 |
| 240000000 | INTEREST AND FINANCE CHARGES | 1-13 | 560 |
| 250000000 | DECENTRALISED PLAN PROGRAMME- PRODUCTIVE SECTOR | I-14 | 41,47,797 |
| 251000000 | DECENTRALISED PLAN PROGRAMME- SERVICE SECTOR | I-14(a) | 2,44,63,873 |
| 252000000 | DECENTRALISED PLAN PROGRAMME – INFRASTRUCTURE SECTOR | I-14(b) | 3,92,155 |
| 253000000 | DECENTRALISED PLAN PROGRAMME- PROJECTS NOT INCLUDED IN SECTOR DIVISION | I-14(c) | 64,110 |
| 254000000 | EXPENDITURE OF TRANSFERRED INSTITUTIONS AND STATE SPONSORED SCHEMES(NOT INCLUDED UNDER DECENTRALISED PLAN PROGRAMME) | I-14(d) | 30,000 |
| 255000000 | MAINTANANCE PROJECTS | I-14(e) | 41,71,428 |
| 256000000 | OTHER REVENUE GRANTS AND FUNDS-REVENUE EXPENSES | 1-15(a) | 25,500 |
| 272000000 | DEPRECIATION | I-17(a) | 0 |
| B | TOTAL EXPENDITURE | | 3,62,20,099 |
| C=A-B | GROSS SURPLUS / DEFICIT OF INCOME OVER EXPENDITURE | | (30712020) |
| D= 280000000 | PRIOR PERIOD ITEM | I-18 | 7,65,224 |
| E=C-D 290000000 | GROSS SURPLUS/DEFICIT OF INCOME OVER EXPENDITURE AFTER PRIOR PERIOD ITEMS | | (31477244) |
| | TRANSFER TO RESERVE FUNDS | | |
| | NET BALANCE BEING SURPLUS/ DEFICIT CARRIED OVER TO | | 0 |

| | | | |
|---|---|---|---|
| | BALANCE SHEET (PANCHAYATH FUND) | | |

SENIOR DEPUTY DIRECTOR

## അനുബന്ധം 4

# BALANCE SHEET AS ON 31.03.2017

EDAKKAD BLOCK PANCHAYATH

| CODE NO | DESCRIPTION OF ITEMS | SCHEDULE NO | AMOUNT |
|---|---|---|---|
| LIABILITIES | | | |
| RESERVES AND SURPLUS | | | |
| 310000000 | PANCHAYATH FUND | B-1 | (26621008) |
| 311000000 | EARMARKED FUND | B-2 | 0 |
| 312000000 | RESERVES | B-3 | 35220125 |
| TOTAL RESERVES AND SURPLUS | | | 8599117 |
| GRANTS AND CONTRIBUTIONS FOR SPECIFIC PURPOSE | | | |
| 320000000 | GRANTS AND CONTRIBUTIONS FOR SPECIFIC PURPOSE | B-4 | 53261977 |

| | | | |
|---|---|---|---|
| TOTAL GRANTS AND CONTRIBUTIONS FOR SPECIFIC PURPOSE | | | 53261977 |
| LOANS | | | |
| 330000000 | SECURED LOANS | B-5 | 0 |
| TOTAL LOANS | | | |
| CURRENT LIABILITIES AND PROVISIONS | | | |
| 340000000 | DEPOSITS RECEIVED | B-7 | 725043 |
| 35000000 | OTHER LIABILITIES | B-9 | 99430 |
| TOTAL CURRENT LIABILITIES AND PROVISIONS | | | 824473 |
| TOTAL LIABILITIES | | | 62685567 |
| ASSETS | | | |
| FIXED ASSETS | | | |
| 410000000 | FIXED ASSETS | B-11 | 43280468 |
| 411000000 | ACCUMULATED DEPRECIATION | B-11 | (5458340) |
| 412000000 | CAPITAL WORK IN PROGRESS | B-11(a) | 6468729 |
| TOTAL FIXED ASSETS | | | 44290857 |
| INVESTMENTS | | | |

| | | | |
|---|---|---|---|
| 420000000 | INVESTMENTS | B-12 | 0 |
| TOTAL INVESTMENTS | | | |
| CURRENT ASSETS , LOANS AND ADVANCES | | | |
| 431000000 | SUNDRY DEBTORS ( RECEIVABLES) | B-15 | (2381) |
| 440000000 | PREPAID EXPENSES | B-16 | 0 |
| 450000000 | CASH AND BANK BALANCES | B-17 | 18363461 |
| 460000000 | LOANS, ADVANCES AND DEPOSITS | B-18 | 33630 |
| TOTAL CURRENT ASSETS , LOANS AND ADVANCES | | | 18394710 |
| TOTAL ASSETS | | | 62685567 |

SENIOR DEPUTY DIRECTOR